# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
# കൊല്ലം

നമ്പർ: **Ad.A3/267/SOU/2025-02** തീയതി: **18/08/2026**

## പുനർവിജ്ഞാപനം

സൂചന: നോട്ടിഫിക്കേഷൻ നമ്പർ **Ad.A3/267/SOU/2025-01** തീയതി **02/09/2025**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിവിധ പരീക്ഷകളുടെ മൂല്യ നിർണ്ണയ ക്യാമ്പുകളിലേക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ **(DEO)**, മൾട്ടി ടാസ്കിംഗ് സ്റ്റാഫ് **(MTS)** എന്നീ തസ്തികകളിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് **02/09/2025** ലെ സൂചന (1) വിജ്ഞാപനത്തിനു തുടർച്ചയായി അപേക്ഷ ക്ഷണിക്കുന്നു (പുനർവിജ്ഞാപനം)

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിവിധ പരീക്ഷകളുടെ മൂല്യ നിർണ്ണയത്തിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് താഴെപ്പറയുന്ന തസ്തികകളിൽ **താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ** നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് മുമ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ തുടർച്ചയായി പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നു.

1. **ഡാറ്റാ എൻട്രി ഓപ്പറേറ്റർ (DEO)** – യോഗ്യത: പ്ലസ് ടു, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രായപരിധി : **01.01.2026** ൽ **60** വയസ്സ് കവിയാൻ പാടില്ല (താൽക്കാലികം, ദിവസവേതനാടിസ്ഥാനത്തിൽ)

2. **മൾട്ടി ടാസ്കിംഗ് സ്റ്റാഫ് (MTS)** –യോഗ്യത: ഏഴാം ക്ലാസ് പാസ്സ്. പ്രായപരിധി : **01.01.2026** ൽ **60** വയസ്സ് കവിയാൻ പാടില്ല (താൽക്കാലികം, ദിവസവേതനാടിസ്ഥാനത്തിൽ)

മുൻ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അവർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഈ പുനർവിജ്ഞാപനത്തിനും പരിഗണിക്കുന്നതാണ്.

എന്നാൽ, മുൻ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും, ബന്ധപ്പെട്ട തസ്തികകളിലേക്കുള്ള യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർ സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി: **31/08/2026.**

വിശദാംശങ്ങൾക്കായി സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് **www.sgou.ac.in** സന്ദർശിക്കാവുന്നതാണ്.

APPLY NOW

**രജിസ്ട്രാർ**

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**
**കൊല്ലം**

No. Ad.A3/3/267/SOU/2024 19/08/2026

**ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റായ **www.sgou.ac.in** സന്ദർശിച്ച് ബന്ധപ്പെട്ട DEO / MTS പുനർവിജ്ഞാപനം തിരഞ്ഞെടുക്കുക.
- പുനർവിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന "Apply Online" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോമിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂരിപ്പിക്കുക.
- അപേക്ഷകൻ തന്റെ പേര്, ജനന തീയതി, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, വിദ്യാഭ്യാസ യോഗ്യത, കമ്പ്യൂട്ടർ പരിജ്ഞാനം (DEO തസ്തികയ്ക്ക്), മറ്റ് ആവശ്യമായ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തണം.
- അപേക്ഷയിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ സർട്ടിഫിക്കറ്റുകളിലും മറ്റ് രേഖകളിലും ഉള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നതായിരിക്കണം. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാൽ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുന്നതാണ്.
- അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് നൽകിയ വിവരങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് ഉറപ്പുവരുത്തണം. **Submit** ചെയ്തതിനുശേഷം വിവരങ്ങളിൽ മാറ്റം വരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ അപേക്ഷകൻ പ്രത്യേകം ശ്രദ്ധിക്കണം.
- അപേക്ഷ വിജയകരമായി സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന Application Number /Acknowledgement രേഖ സൂക്ഷിക്കണം. ഭാവിയിലെ ആവശ്യങ്ങൾക്കായി അപേക്ഷയുടെ പകർപ്പ്/പ്രിന്റൗട്ട് സൂക്ഷിക്കുന്നതും ഉചിതമാണ്.
- **മുൻ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല.** അവരുടെ മുൻ അപേക്ഷകൾ ഈ പുനർവിജ്ഞാപനത്തിനും പരിഗണിക്കുന്നതാണ്.
- മുൻ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് പുതുതായി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31/08/2026 ആണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക സഹായത്തിനും മറ്റ് വിശദാംശങ്ങൾക്കും സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക.

**പ്രധാന കുറിപ്പ്:**

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പുനർവിജ്ഞാപനത്തിൽ നൽകിയിട്ടുള്ള യോഗ്യത, പ്രായപരിധി, മറ്റ് നിബന്ധനകൾ എന്നിവ അപേക്ഷകർ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതാണ്

**രജിസ്ട്രാർ (i/c)**